SS I അധ്യായം : 1 ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ

## അമേരിക്കൻ സ്വാതന്ത്ര്യസമരം

1. കാരണങ്ങൾ : a. ഇംഗ്ലീഷുകാരുടെ തെറ്റായ നികുതി നയം b. മെർക്കന്റലിസ്റ്റ് നിയമങ്ങൾ c. ചിന്തകന്മാരുടെ സ്വാധീനം
2. മുദ്രാവാക്യം - പ്രാതിനിധ്യമില്ലാതെ നികുതിയില്ല (ജെയിംസ് ഓട്ടിസ്)
3. മറ്റ് ചിന്തകന്മാർ : a.ജോൺ ലോക്ക് - മനുഷ്യന് ചില മൗലികാവകാശങ്ങളുണ്ട് .അതിനെ ഹനിക്കാൻ ഒരു ഗവൺമെന്റിനും അവകാശമില്ല.

   b.തോമസ് പെയിൻ ഏതെങ്കിലും വിദേശശക്തിക്ക് ഈ വൻകര ദീർഘകാലം കീഴടങ്ങിക്കഴിയണമെന്നത് യുക്തിക്ക് നിരക്കുന്നതല്ല.
4. മെർക്കന്റലിസം :

   അസംസ്കൃത വസ്തുക്കൾ ശേഖരിക്കാനുള്ള സ്ഥലമായും ഉല്പന്നങ്ങൾ വിൽക്കാനുള്ള കമ്പോളമായും ഇംഗ്ലീഷ് കച്ചവടക്കാർ അമേരിക്കൻ കോളനികളെ കണ്ടു.ഈ നയമാണ് മെർക്കന്റലിസം.
5. മെർക്കന്റലിസ്റ്റ് നിയമങ്ങൾ :

   a. കോളനിയുടെ വ്യാപാര വാണിജ്യങ്ങൾക്ക് ഇംഗ്ലീഷ് കപ്പലുകളോ കോളനികളിൽ നിർമ്മിച്ച കപ്പലുകളോ ഉപയോഗിക്കണം

   b. കോളനികളിൽ ഉല്പാദിപ്പിക്കുന്ന പഞ്ചസാര,പരുത്തി,കമ്പിളി,പുകയില തുടങ്ങിയവ ഇംഗ്ലണ്ടിലേക്ക് മാത്രമേ കയറ്റി അയക്കാവൂ.

   c. കോളനിരേഖകളിലെല്ലാം ഇംഗ്ലണ്ടിന്റെ സ്റ്റാമ്പ് പതിക്കണം

   d. കോളനികളിലെ ഇംഗ്ലീഷ് സൈന്യത്തിന്റെ താമസസൗകര്യങ്ങൾ കോളനിക്കാർ നൽകണം

   e. കോളനികളിൽ ഇറക്കുമതി ചെയ്യുന്ന തേയില,ഗ്ലാസ്,കടലാസ് എന്നിവയ്ക്ക് ഇറക്കുമതി ചുങ്കം നല്കണം
6. പ്രധാന സംഭവങ്ങൾ

   1774 - ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ് സ്(ഫിലാഡൽഫിയ) വ്യാപാരനിയന്ത്രണങ്ങൾ,നികുതി ചുമത്തൽ എന്നിവയെക്കുറിച്ച് ഇംഗ്ലണ്ടിലെ രാജാവിന് നിവേദനം നൽകി.

   1775 - രണ്ടാംകോണ്ടിനെന്റൽ കോൺഗ്രസ്സ്(ഫിലാഡൽഫിയ)-ജോർജ് വാഷിങ്ടണിനെ കോണ്ടിനെന്റൽ സൈന്യത്തിന്റെ തലവനായി തെരഞ്ഞെടുത്തു.

   1776 ജൂലൈ 4 - അമേരിക്കൻ കോണ്ടിനെന്റൽ കോൺഗ്രസ്സ് ലോകപ്രശസ്തമായ സ്വാതന്ത്ര്യപ്രഖ്യാപനം നടത്തി. തയ്യാറാക്കിയത് - തോമസ് ജെഫേഴ്സൺ , ബെഞ്ചമിൻ ഫ്രാങ്ക്ളിൻ

   1781 - ഇംഗ്ലണ്ടും അമേരിക്കൻ കോളനികളും തമ്മിലുള്ള യുദ്ധം അവസാനിച്ചു.

   1783 - പാരിസ് ഉടമ്പടി -ഇംഗ്ലണ്ട് 13 കോളനികളുടെ സ്വാതന്ത്ര്യം അംഗീകരിച്ചു.
7. അമേരിക്കൻ ഭരണഘടന തയ്യാറാക്കിയത് - ജയിംസ് മാഡിസൺ
8. അമേരിക്കൻ ഐക്യനാടുകളുടെ ആദ്യ പ്രസിഡന്റ് - ജോർജ് വാഷിങ്ടൺ
9. അമേരിക്കൻ വിപ്ലവം ലോകചരിത്രത്തിലുണ്ടാക്കിയ സ്വാധീനമെന്ത് :

   a. പില്ക്കാല സ്വാതന്ത്ര്യ സമരങ്ങൾക്കും വിപ്ലവങ്ങൾക്കും പ്രചോദനവും ലക്ഷ്യബോധവും നല്കി

   b. മനുഷ്യാവകാശ പ്രവർത്തനങ്ങൾക്ക് മാതൃകയായി c. റിപ്പബ്ലിക്കൻ ഭരണരീതി എന്ന ആശയം മുന്നോട്ടുവച്ചു

   d. ആദ്യത്തെ എഴുതപ്പെട്ട ഭരണഘടന തയ്യാറാക്കി e. ഫെഡറൽ രാഷ്ട്രം എന്ന ആശയം ലോകത്തിനു നൽകി

## ഫ്രഞ്ചുവിപ്ലവം

1. ഫ്രഞ്ചുവിപ്ലവം കാരണങ്ങൾ :

   a. ലൂയി രാജാക്കന്മാരുടെ ഏകാധിപത്യഭരണം b. ഭരണാധികാരികളുടെ ആഡംബരജീവിതം

   c. സാമൂഹിക സാമ്പത്തിക അസമത്വം d.ചിന്തകന്മാരുടെ സ്വാധീനം
2. മുദ്രാവാക്യം - സ്വാതന്ത്ര്യം,സമത്വം,സാഹോദര്യം
3. ഫ്രഞ്ച് സമൂഹം :

| ഒന്നാം എസ്റ്റേറ്റ് | രണ്ടാം എസ്റ്റേറ്റ് | മൂന്നാം എസ്റ്റേറ്റ് |
|---|---|---|
| പുരോഹിതന്മാർ ,ഭൂവുടമകൾ<br>നികുതി നൽകേണ്ട<br>ഭരണത്തിലും സൈന്യത്തിലും ഉയർന്ന പദവി വഹിച്ചു | പ്രഭുക്കന്മാർ ,ഭൂവുടമകൾ<br>നികുതി നൽകേണ്ട<br>ആഡംബരജീവിതം നയിച്ചു<br>സൈനികസേവനം നടത്തി | മധ്യവർഗം,<br>എല്ലാ നികുതിയും നൽകണം<br>ഭരണത്തിൽ ഒരവകാശവുമില്ല<br>താഴ്ന്ന സാമൂഹിക പദവി |

4. ചിന്തകന്മാർ - വോൾട്ടയർ, റൂസ്സോ, മൊണ്ടസ്ക്യൂ
5. ഫ്രാൻസിലെ ജനപ്രതിനിധി സഭ – സ്റ്റേറ്റ്സ് ജനറൽ
6. കോമൺസ് എന്നറിയപ്പെട്ടത് - മൂന്നാം എസ്റ്റേറ്റ് (ഫ്രാൻസിലെ ദേശീയ അസംബ്ലി എന്ന് പേരു മാറ്റി )
7. ടെന്നിസ് കോർട്ട് പ്രതിജ്ഞ - മൂന്നാം എസ്റ്റേറ്റുകാർ അടുത്തുള്ള ഒരു ടെന്നിസ് കോർട്ടിൽ സമ്മേളിച്ച് ഫ്രാൻസിന് ഒരു പുതിയ ഭരണഘടന തയ്യാറാക്കിയശേഷം മാത്രമേ പിരിയുകയുള്ളൂ എന്ന് പ്രതിജ്ഞ ചെയ്തു.ഇതാണ് ടെന്നിസ് കോർട്ട് പ്രതിജ്ഞ.

RATHEESH C V GHSS PERIKKALLOOR

8. പ്രധാന സംഭവങ്ങൾ

1789 ജൂലൈ 14 - വിപ്ലവകാരികൾ ബൂർബൻ രാജവാഴ്ചയുടെ പ്രതീകമായിരുന്ന ബാസ്റ്റിൽ ജയിൽ തകർത്തു

1789 ആഗസ്റ്റ് 12 - ദേശീയ അസംബ്ലി മനുഷ്യാവകാശപ്രഖ്യാപനം പാസ്സാക്കി

1789 ഒക്ടോബർ - പാരീസ് നഗരത്തിലെ സ്ത്രീകൾ ഭക്ഷണം വേണം എന്ന മുദ്രാവാക്യവുമായി വെഴ്സായ് കൊട്ടാരത്തിലേക്ക് പ്രകടനം നടത്തി

1789 സെപ്റ്റംബർ - ദേശീയ കൺവെൻഷൻ ഫ്രാൻസിനെ ഒരു റിപ്പബ്ലിക്കായി പ്രഖ്യാപിച്ചു

9. നെപ്പോളിയന്റെ പരിഷ്കാരങ്ങൾ :

1. കർഷകരെ ഭൂവുടമകളാക്കി 2.ബാങ്ക് ഓഫ് ഫ്രാൻസ് സ്ഥാപിച്ചു 3. പുരോഹിതരെയും സഭയേയും നിയന്ത്രിച്ചു.
4. പൊതുകടം ഇല്ലാതാക്കാൻ സിങ്കിങ് ഫണ്ട് രൂപീകരിച്ചു 5. പുതിയ നിയമസംഹിത ഉണ്ടാക്കി.

10. ഫ്രഞ്ചുവിപ്ലവം മുന്നോട്ടുവച്ച ആശയങ്ങൾ :

a. മധ്യവർഗ്ഗത്തിന്റെ ഉയർച്ച b. ഫ്യൂഡലിസത്തിന്റെ അന്ത്യം c. ദേശീയത

11. ഫ്രഞ്ചുവിപ്ലവത്തിന്റെ സ്വാധിനം :

a. ദേശീയതയുടെ ആവിർഭാവത്തിന് വഴിയൊരുക്കി b. മധ്യവർഗ്ഗത്തിന്റെ വളർച്ചയെ സഹായിച്ചു
c. യൂറോപ്പിൽ നിലനിന്ന സ്വേച്ഛാധിപത്യ ഭരണകൂടങ്ങൾക്ക് ഭീഷണിയുയർത്തി
d. പിൽക്കാലത്ത് ലോകത്തുണ്ടായ എല്ലാ വിപ്ലവങ്ങൾക്കും ആവേശം പകർന്നു
e. യൂറോപ്പിൽ ഫ്യൂഡൽ വ്യവസ്ഥയുടെ അന്ത്യത്തിന് വഴിയൊരുക്കി
f. ജനകീയ പരമാധികാരം എന്ന ആശയം മനുഷ്യരാശിക്കു നൽകി.

12. നെപ്പോളിയന് അധികാരം നഷ്ടപ്പെടാൻ ഇടയാക്കിയ യുദ്ധം - വാട്ടർ ലൂ യുദ്ധം ( 1815) യൂറോപ്യൻ സഖ്യസൈന്യം

## റഷ്യൻ വിപ്ലവം

1. റഷ്യൻ വിപ്ലവം കാരണങ്ങൾ :

a. സർ ചക്രവർത്തിമാരുടെ ഏകാധിപത്യഭരണം b. കർഷകരുടെയും തൊഴിലാളികളുടെയും ദുരിതജീവിതം
c. കർഷകരുടെ വലിയ നികുതിഭാരം d. കാർഷിക -വ്യാവസായിക ഉല്പാദനകുറവ്
e. വ്യവസായങ്ങൾ വിദേശികളുടെ നിയന്ത്രണത്തിലായിരുന്നു f.ചിന്തകന്മാരുടെ സ്വാധീനം

2. ചിന്തകന്മാരും,എഴുത്തുകാരും

a. മാക്സിം ഗോർക്കി,ലിയോ ടോൾസ്റ്റോയി,ഇവാൻ തുർഗനേവ്,ആന്റൻ ചെക്കോവ് - എഴുത്തുകാർ
b. കാൾ മാർക്സ് ,ഫ്രെഡറിക് ഏംഗൽസ് - ചിന്തകന്മാർ

3. മാർക്സിസ്റ്റ് ആശയങ്ങളിൽ അധിഷ്ഠിതമായി റഷ്യയിൽ രൂപം കൊണ്ട പാർട്ടി -സോഷ്യൽ ഡെമോക്രാറ്റിക് വർക്കേഴ്സ് പാർട്ടി.

4. ഈ പാർട്ടി വിഭജിച്ചുണ്ടായ പാർട്ടികൾ - മെൻഷെവിക്കുകൾ (ന്യൂനപക്ഷം) -അലക്സാണ്ടർ കെറൻസ്കി
ബോൾഷെവിക്കുകൾ (ഭൂരിപക്ഷം) - ലെനിൻ ,ട്രോട്സ്കി

5. രക്തരൂക്ഷിതമായ ഞായറാഴ്ച – രാഷ്ട്രീയാവകാശങ്ങളും സാമ്പത്തികപരിഷ്കാരങ്ങളും ആവശ്യപ്പെട്ട് തൊഴിലാളികൾ പെട്രോഗ്രാഡ് എന്ന സ്ഥലത്ത് ജനവരി ന് പ്രകടനം നടത്തി.ഇതിനുനേരെ പട്ടാളം വെടിവച്ചു.നൂറുകണക്കിന് തൊഴിലാളികൾ കൊല്ലപ്പെട്ട ഈ സംഭവമാണ് രക്തരൂക്ഷിതമായ ഞായറാഴ്ച.

6. സോവിയറ്റുകൾ - സമരം നടത്താൻ രൂപീകരിച്ച തൊഴിലാളി സംഘങ്ങൾ

7. ഡ്യൂമ - സമരത്തെതുടർന്ന് റഷ്യയിൽ രൂപീകരിച്ച നിയമനിർമ്മാണ സഭ

8. ഫെബ്രുവരി വിപ്ലവം : 1917 ഭക്ഷ്യദൗർലഭ്യം രൂക്ഷമായി, മാർച്ച് 8 ന് സ്ത്രീകൾ റൊട്ടിക്കുവേണ്ടി പ്രകടനം നടത്തി. പെട്രോഗ്രാഡ് പട്ടണത്തിൽ തൊഴിലാളികൾ പ്രതിഷേധപ്രകടനം നടത്തി,സൈനികരും തൊഴിലാളികളോടൊപ്പം ചേർന്നു ,പെട്രോഗ്രാഡ് പട്ടണം തൊഴിലാളികൾ പിടിച്ചെടുത്തു ,ചക്രവർത്തി നിക്കോളാസ് രണ്ടാമൻ സ്ഥാനമൊഴിയുകയും റഷ്യയിൽ അലക്സാണ്ടർ കെരൻസ്കിയുടെ നേതൃത്വത്തിൽ താൽക്കാലിക ഗവൺമെന്റ് നിലവിൽ വരുകയും ചെയ്തു.ഇതാണ് ഫെബ്രുവരി വിപ്ലവം.

9. ഒക്ടോബർ വിപ്ലവം : 1917 ഒക്ടോബറിൽ ബോൾഷെവിക്കുകൾ താൽക്കാലിക ഗവൺമെന്റിന് എതിരെ സായുധ കലാപമാരംഭിച്ചു.കെരൻസ്കി രാജ്യം വിട്ടുപോകുകയും റഷ്യ ബോൾഷെവിക്കുകളുടെ നിയന്ത്രണത്തിലാവുകയും ചെയ്തു. ബോൾഷെവിക്കുകൾക്ക് അധികാരം ലഭിച്ച ഈ സംഭവമാണ് ഒക്ടോബർ വിപ്ലവം.

| ഫെബ്രുവരി വിപ്ലവം -1917 മാർച്ച് 8 , ഫലങ്ങൾ | ഒക്ടോബർ വിപ്ലവം - 1917 നവംബർ ,ഫലങ്ങൾ |
|---|---|
| സർ ചക്രവർത്തിഭരണം അവസാനിച്ചു<br>മെൻഷെവിക്കുകൾക്ക് അധികാരം ലഭിച്ചു<br>ഒന്നാം ലോകയുദ്ധത്തിൽനിന്ന് റഷ്യ പിന്മാറിയില്ല<br>പ്രഭുക്കന്മാർ ഭൂവുടമകളായി തുടർന്നു<br>പൊതുഉടമസ്ഥതയ്ക്ക് പ്രാധാന്യം നൽകിയില്ല | ബോൾഷെവിക്കുകൾക്ക് അധികാരം ലഭിച്ചു<br>ഒന്നാം ലോകയുദ്ധത്തിൽനിന്ന് റഷ്യ പിന്മാറി<br>ഭൂമി കർഷകർക്ക് വിതരണം ചെയ്തു<br>ഫാക്ടറികൾ,ബാങ്കുകൾ,ഗതാഗതസൗകര്യങ്ങൾ,<br>വിദേശവ്യാപാരം പൊതു ഉടമസ്ഥതയിലാക്കി. |

RATHEESH C V GHSS PERIKKALLOOR

10. റഷ്യൻവിപ്ലവത്തിന്റെ ഫലങ്ങൾ : a. കേന്ദ്രീകൃത ആസൂത്രണം നടപ്പിലാക്കി

b. റഷ്യ സാമ്പത്തിക – ശാസ്ത്ര – സാങ്കേതിക രംഗങ്ങളിൽ പുരോഗതി കൈവരിച്ചു.

c. 1924 ൽ പുതിയ ഭരണഘടന നിലവിൽ വന്നു d. സോവിയറ്റ് യൂണിയൻ (USSR) രൂപീകരിക്കപ്പെട്ടു

e. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സോഷ്യലിസ്റ്റ് ആശയങ്ങൾ വ്യാപിച്ചു.

**SS I** അധ്യായം : 6 സമരവും സ്വാതന്ത്ര്യവും

1. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന പ്രാദേശിക സമരങ്ങൾ: (ആദ്യകാല സമരങ്ങൾ )

| സമരം | സ്ഥലം | വർഷം | ലക്ഷ്യം |
|---|---|---|---|
| ചമ്പാരനിലെ നീലം കർഷക സമരം | ബീഹാർ | 1917 | നീലം തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക |
| അഹമ്മദാബാദ് തുണിമിൽ സമരം | ഗുജറാത്ത് | 1918 | പ്ലേഗ് ബോണസ് ലഭിക്കാൻ -കൂലിവർദ്ധനവ് ലഭിക്കാൻ |
| ഖേഡ കർഷക സമരം | ഗുജറാത്ത് | 1918 | കൃഷിനാശം വന്നതിനാൽ നികുതിയിളവ് ലഭിക്കുക |

2. പ്രാദേശിക സമരങ്ങളുടെ (ആദ്യകാല സമരങ്ങൾ ) ഫലങ്ങൾ

a.ഗാന്ധിയൻ ആശയങ്ങളും,സമരരീതികളും ജനങ്ങൾക്ക് പരിചയപ്പെടാൻ കഴിഞ്ഞു

b.വിദ്യാസമ്പന്നരിൽ ഒതുങ്ങിനിന്നിരുന്ന ദേശീയ പ്രസ്ഥാനത്തിലേക്ക് സാധാരണക്കാരും ആകർഷിക്കപ്പെട്ടു.

c.ദേശീയ പ്രസ്ഥാനം പട്ടണങ്ങളിൽ നിന്ന് ഗ്രാമങ്ങളിലേക്ക് വ്യാപിച്ചു

d.എല്ലാവർക്കും സ്വീകാര്യനായ ദേശീയനേതാവായി ഗാന്ധിജി മാറി.

3. ഗാന്ധിജിയെ ദേശീയ സമരത്തിലേയ്ക്ക് നയിച്ച ബ്രിട്ടീഷ് നിയമം - റൗലറ്റ് നിയമം

4. റൗലറ്റ് നിയമം -ഭീകരവാദപ്രവർത്തനങ്ങൾ തടയാനെന്ന പേരിൽ 1919 ൽ ബ്രിട്ടീഷ് പാർലമെന്റ് പാസാക്കിയത്.

ഈ നിയമം പാസ്സാക്കാൻ നിർദ്ദേശം നൽകിയ കമ്മറ്റിയുടെ അധ്യക്ഷൻ - സർ സിഡ്നി റൗലറ്റ്

ഈ നിയമപ്രകാരം ആരെയും അറസ്റ്റ് ചെയ്ത് വിചാരണകൂടാതെ തടങ്കലിൽ വയ്ക്കാമായിരുന്നു

5. റൗലറ്റ് വിരുദ്ദ പ്രക്ഷോഭത്തോടുള്ള ബ്രിട്ടീഷ് നയത്തിന്റെ ക്രൂരമായ മുഖം - ജാലിയൻ വാലാബാഗ് കൂട്ടക്കൊല

6. ജാലിയൻ വാലാബാഗ് കൂട്ടക്കൊല - റൗലറ്റ് നിയമവിരുദ്ധ സമരങ്ങൾക്ക് പഞ്ചാബിൽ നേതൃത്വം നൽകിയ സെയ്ഫുദ്ദീൻ കിച്ച്ലു, സത്യപാൽ എന്നിവരെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിക്കാൻ 1919 ഏപ്രിൽ 13 ന് അമൃതസറിലെ ജാലിയൻ വാലാബാഗിൽ ഒത്തുകൂടിയ ജനങ്ങൾക്കുനേരെ പട്ടാളമേധാവി ജനറൽ ഡയറിന്റെ ഉത്തരവ് പ്രകാരം പട്ടാളക്കാർ വെടിവച്ചു. 379 പേർ ഈ വെടിവയ്പിൽ കൊല്ലപ്പെട്ടു.ഈ സംഭവമാണ് ജാലിയൻ വാലാബാഗ് കൂട്ടക്കൊല .

7. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ദേശീയ സമരങ്ങൾ

| സമരം | വർഷം | ലക്ഷ്യം |
|---|---|---|
| നിസ്സഹകരണ സമരവും ഖിലാഫത്ത് പ്രസ്ഥാനവും | 1920 | ബ്രിട്ടീഷ് വിരുദ്ധ വികാരം വളർത്തുക,ഹിന്ദു-മുസ്ലീം മൈത്രി വളർത്തുക,സ്വദേശി പ്രോത്സാഹനം,ദേശീയവിദ്യാഭ്യാസം വളർത്തുക. |
| സിവിൽ നിയമലംഘന സമരം/ഉപ്പുസത്യാഗ്രഹം | 1930 | ബ്രിട്ടീഷുകാരുടെ ജനവിരുദ്ധ സിവിൽ നിയമങ്ങൾ ലംഘിക്കുക,പൂർണ്ണസ്വരാജ്. |
| ക്വിറ്റ് ഇന്ത്യാ സമരം | 1942 | എല്ലാ അധികാരങ്ങളും ഇന്ത്യക്ക് കൈമാറി ഇന്ത്യ വിടാൻ ബ്രിട്ടീഷുകാരെ നിർബന്ധിക്കുന്ന അഹിംസയിലൂന്നിയ സമരം |

8. നിസ്സഹകരണ സമരത്തിന്റെ സവിശേഷതകൾ :

A. വിദേശ വസ്തു ബഹിഷ്കരണം, B. കോടതിയും ഇംഗ്ലീഷ് വിദ്യാലയങ്ങളും ബഹിഷ്കരിക്കുക,

C. തെരഞ്ഞെടുപ്പുകൾ ബഹിഷ്കരിക്കുക D.ബ്രിട്ടീഷ് പുരസ്കാരങ്ങൾ തിരികെ നൽകുക,E നികുതി നൽകാതിരിക്കുക.

9. നിസ്സഹകരണ സമരത്തിനുള്ള ഗാന്ധിജിയുടെ ആഹ്വാനം ജനങ്ങൾ സ്വീകരിച്ചതിന് ഉദാഹരണങ്ങൾ :

a. അവധിലെ കർഷകർ നികുതി നൽകാൻ വിസ്സമ്മതിച്ചു.

b.തൊഴിലാളികൾ പണിമുടക്കി c. വക്കീലന്മാർ കോടതിയിൽ പോകാൻ വിസ്സമ്മതിച്ചു

d. ജനങ്ങൾ വിദേശവസ്തുക്കൾ കൂട്ടിയിട്ട് കത്തിച്ചു e. വിദ്യാർത്ഥികൾ ബ്രിട്ടീഷ് സ്കൂളും കോളേജും ഉപേക്ഷിച്ചു.

10. നിസ്സഹകരണ സമരത്തിന്റെ ഭാഗമായി ബഹിഷ്കരണത്തോടൊപ്പം ഗാന്ധിജിയുടെ ആഹ്വാനപ്രകാരം നടന്ന നിർമ്മാണ പ്രവർത്തനങ്ങൾ ?

a. ജനങ്ങൾ തദ്ദേശീയമായ ഉൽപ്പന്നങ്ങൾ നിർമ്മിച്ചു b. ദേശീയ വിദ്യാലയങ്ങൾ ആരംഭിച്ചു

c. ചർക്കയിൽ നൂൽ നൂറ്റ് ഖാദി വസ്ത്രങ്ങൾ നെയ്തു d.ഹിന്ദി പ്രചരിപ്പിച്ചു e.അയിത്തോച്ചാടന പ്രവർത്തനങ്ങൾ നടന്നു

11. നിസ്സഹകരണ സമരകാലത്ത് സ്ഥാപിക്കപ്പെട്ട ദേശീയ വിദ്യാലയങ്ങൾ :

a. കാശി വിദ്യാപീഠം , b. ഗുജറാത്ത് വിദ്യാപീഠം, c. ജാമിയ മില്ലിയ

RATHEESH C V, GHSS PERIKKALLOOR

12. ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ നേതാക്കൾ - a. മൗലാന മുഹമ്മദലി , b. മൗലാന ഷൗക്കത്തലി

13. ഖിലാഫത്ത് പ്രസ്ഥാനവും ഇന്ത്യൻ ദേശീയ പ്രസ്ഥാനവും ഒരുമിച്ച് പ്രവർത്തിച്ചതിന്റെ ഫലങ്ങൾ

a. സ്വാതന്ത്ര്യസമരത്തിൽ മുസ്ലീങ്ങളുടെ സജീവ സാന്നിധ്യം ഉറപ്പാക്കാനായി

b. ബ്രിട്ടീഷ് വിരുദ്ധ വികാരം ഇന്ത്യയിലെല്ലായിടത്തും എത്തി. c. ഹിന്ദു-മുസ്ലീം ഐക്യം ശക്തിപ്പെട്ടു

14. ചൗരി ചൗര സംഭവം :

1922 ഫെബ്രുവരി 5 ന് ഉത്തർപ്രദേശിലെ ചൗരി ചൗര ഗ്രാമത്തിൽ ജനങ്ങൾക്കുനേരെ പോലീസ് വെടിവച്ചതിൽ രോഷാകലരായ ജനങ്ങൾ പോലീസ് സ്റ്റേഷൻ ആക്രമിച്ച് തീയിട്ടു.22 പോലീസുകാർ കൊല്ലപ്പെട്ടു.തുടർന്ന് ഗാന്ധിജി നിസ്സഹകരണ സമരം നിർത്തിവച്ചു.

15. 1929 ലെ ലാഹോർ കോൺഗ്രസ്സ് സമ്മേളനത്തിന്റെ തീരുമാനങ്ങൾ - അധ്യക്ഷൻ - ജവഹർലാൽ നെഹ്റു

a. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ അന്തിമലക്ഷ്യം പൂർണ്ണസ്വരാജ് ആണെന്ന് പ്രഖ്യാപിച്ചു.

b. ഗാന്ധിജിയുടെ നേതൃത്വത്തിൽ സിവിൽ നിയമലംഘന സമരം ആരംഭിക്കാൻ തീരുമാനിച്ചു.

16. സിവിൽ നിയമലംഘന സമരത്തിന്റെ ഭാഗമായി ഗാന്ധിജി മുന്നോട്ടുവച്ച ആവശ്യങ്ങൾ :

A. ഉപ്പ് നികുതി എടുത്തു കളയുക, B. കൃഷിക്കാർക്ക് 50 ശതമാനം നികുതിയിളവ് നൽകുക,

C. രാഷ്ട്രീ തടവുകാരെ വിട്ടയ്ക്കുക D. സൈനികചെലവും ഉദ്യോഗസ്ഥ ശമ്പളവും കുറയ്ക്കുക E.സമ്പൂർണ്ണ മദ്യ നിരോധനം നടപ്പാക്കുക.

17. ഉപ്പ് സമരായുധമാക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ :

a. ബ്രിട്ടീഷുകാരുടെ നികുതി വരുമാനത്തിന്റെ അഞ്ചിൽ രണ്ടുഭാഗവും ഉപ്പുനികുതിയായിരുന്നു,

b.ദരിദ്രർക്ക് ഈ നികുതി വലിയ ഭാരമായിരുന്നു c.സാധാരണക്കാരെ ഉണർത്താൻ പറ്റിയ മുദ്രാവാക്യമായിരുന്നു ഇത്.

d. തദ്ദേശീയ ഉപ്പുല്പാദനത്തിന് നിരോധനം ഏർപ്പെടുത്തിയത് e. ഉപ്പിന്റെ വില മൂന്ന് മടങ്ങ് വർധിച്ചു

18. ഉപ്പ് സമരായുധമാക്കിയതിലൂടെ എന്തെല്ലാം നേട്ടങ്ങളുണ്ടായി

a. നിസ്സാരമെന്നു തോന്നുന്ന ജനകീയപ്രശ്നങ്ങളെപ്പോലും ശക്തമായ സമരായുധമാക്കാൻ സാധിക്കും എന്ന് തെളിയിച്ചു.

b. വൻതോതിൽ ജനകീയ പിന്തുണ നേടുന്നതിൽ വിജയിച്ചു c. ബ്രിട്ടീഷ് ചൂഷണം ലളിതമായി ജനങ്ങളെ ബോധ്യപ്പെടുത്തി.

19. പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക എന്ന മുദ്രാവാക്യം ഗാന്ധിജി നൽകിയതെന്ന്

1942 ആഗസ്റ്റ് 8 - ബോംബെ

20. ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷ്ണൽ കോൺഗ്രസ്സ് നടത്തിയ അവസാനത്തെ ബഹുജനസമരം- ക്വിറ്റ് ഇന്ത്യാ സമരം

21. ക്വിറ്റ് ഇന്ത്യാ സമരത്തിന് കാരണമായ ഘടകങ്ങൾ :

1. ഇന്ത്യയിൽഭരണഘടനാ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ബ്രിട്ടൻ കാണിച്ച വൈമനസ്യം,

2. വിലക്കയറ്റവും ക്ഷാമവും മൂലമുള്ള ജനങ്ങളുടെ അതൃപ്തി 3. രണ്ടാം ലോകയുദ്ധത്തിൽ ബ്രിട്ടൻ പരാജയപ്പെടുമെന്ന തോന്നൽ.

22. ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ ഭാഗമായി ഗാന്ധിജി ജനങ്ങൾക്ക് നൽകിയ നിർദ്ദേശങ്ങൾ :

a. നാട്ടുരാജാക്കന്മാർ സ്വന്തം ജനങ്ങളുടെ പരമാധികാരം അംഗീകരിക്കണം, b. കർഷകർ ഭൂനികുതി നൽകരുത്

c. സർക്കാർ ജീവനക്കാർ രാജിവയ്ക്കാതെ ദേശീയപ്രസ്ഥാനത്തോടുള്ള കൂറ് പരസ്യമാക്കണം,

d. പട്ടാളക്കാർ സ്ഥാനങ്ങൾ വെടിയാതെ സ്വന്തം ആൾക്കാർക്കുനേരെ വെടിവയ്ക്കാൻ വിസ്സമ്മതിക്കണം,

e. കഴിയുമെങ്കിൽ സ്വാതന്ത്ര്യപ്രാപ്തിവരെ വിദ്യാർത്ഥികൾ പഠനം ഉപേക്ഷിക്കണം.

23. ഇന്ത്യൻ നാഷ്ണൽ ആർമി - INA - സുഭാഷ് ചന്ദ്രബോസ്

ലക്ഷ്യം - ബ്രിട്ടീഷുകാരെ ഇന്ത്യൻ മണ്ണിൽനിന്ന് തുരത്തിയോടിക്കാൻ പോരാടുക.സിംഗപ്പൂരിൽ വച്ച് സ്വതന്ത്രഭാരതത്തിന് ഒരു താൽക്കാലിക ഗവൺമെന്റ് രൂപീകരിച്ചു. INA ഇംഫാലിൽ ദേശീയപതാക ഉയർത്തി.

INA യുടെ വനിതാവിഭാഗം - ജാൻസിറാണി റെജിമെന്റ് -ക്യാപ്റ്റൻ ലക്ഷ്മി

## SS I അധ്യായം - 7 സ്വാതന്ത്ര്യാനന്തര ഇന്ത്യ

1. നാട്ടുരാജ്യങ്ങളുടെ സംയോജനം

a. സ്വാതന്ത്ര്യാനന്തരം നാട്ടുരാജ്യങ്ങളുടെ സംയോജന ചുമതല സ്റ്റേറ്റ്സ് ഡിപ്പാർട്ട്മെന്റിനായിരുന്നു.

b. സർദാർ വല്ലഭ്ഭായ് പട്ടേലായിരുന്നു ഇതിന്റെ അധ്യക്ഷൻ,സെക്രട്ടറി മലയാളിയായ വി പി മേനോൻ ആയിരുന്നു.

c.ലയനക്കരാർ തയ്യാറാക്കി .ഇതനുസരിച്ച് പ്രതിരോധം,വിദേശകാര്യം,വാർത്താവിനിമയം എന്നിവയുടെ നിയന്ത്രണം നാട്ടുരാജ്യങ്ങൾ കേന്ദ്രസർക്കാരിന് കൈമാറണം.

d.ഭൂരിഭാഗം നാട്ടുരാജ്യങ്ങളും ലയനക്കരാറിൽ ഒപ്പുവച്ച് ഇന്ത്യൻ യൂണിയനിൽ ചേർന്നു

e. ജുനാഗഡ് ,കാശ്മീർ ,ഹൈദരാബാദ് എന്നീ നാട്ടുരാജ്യങ്ങൾ ഇന്ത്യൻ യൂണിയനിൽ ചേരാൻ വിസ്സമ്മതിച്ചു.

f. അനുരഞ്ജനത്തിലൂടെയും സൈനികനടപടിയിലൂടെയും ഈ നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ കൂട്ടിച്ചേർത്തു.

2. ബ്രിട്ടീഷുകാർക്കുശേഷവും ഇന്ത്യയിൽ തുടർന്ന യൂറോപ്യന്മാർ :

a. ഫ്രാൻസ് -പോണ്ടിച്ചേരി,കാരയ്ക്കൽ,യാനം,മാഹി - 1954 വരെ b. പോർച്ചുഗൽ - ഗോവ,ദാമൻ,ദിയു - 1961 വരെ

RATHEESH C V GHSS PERIKKALLOOR

3. ശാസ്ത്ര – സാങ്കേതിക നേട്ടങ്ങൾ :

a. നിരവധി ഗവേഷണ സ്ഥാപനങ്ങൾ ആരംഭിച്ചു.ശാസ്ത്ര -വ്യാവസായിക ഗവേഷണ സമിതി,ഇന്ത്യൻ കാർഷിക ഗവേഷണ സമിതി, ഇന്ത്യൻ മെഡിക്കൽ ഗവേഷണ സമിതി.

b.ശാസ്ത്ര -വ്യാവസായിക ഗവേഷണസമിതി പദ്ധതികളുടെ നേതൃത്വം ഹോമി ജെ ഭാഭയ്ക്കും,S. N.ഭട്നാഗറിനുമായിരുന്നു.

c. ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച്,ഇന്ത്യൻ ആണവോർജ കമ്മീഷൻ എന്നിവയ്ക്ക് ഹോമി ജെ ഭാഭ നേതൃത്വം നൽകി.

d. ലോകോത്തര നിലവാരമുള്ള നിരവധി എൻജിനീയറിങ് വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടു.

e. 5 ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജികൾ (IIT) 1954-64 ൽ സ്ഥാപിതമായി.

f. മെഡിക്കൽ വിദ്യാഭ്യാസം,ബയോമെഡിക്കൽ എൻജിനീയറിങ്,ജനിതക ശാസ്ത്രം,ജൈവ സാങ്കേതികവിദ്യ, ആരോഗ്യം,ഗതാഗതം, സമുദ്ര ഗവേഷണം,ഐ ടി, ആണവോർജം എന്നീ മേഖലകളിൽ ഇന്ത്യ നേട്ടം കൈവരിച്ചു.

g. 1969 ൽ ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടന (ISRO) രൂപീകരിച്ചു.

h. തുമ്പയിൽ ഇന്ത്യയിലെ ആദ്യ റോക്കറ്റ് വിക്ഷേപണ കേന്ദ്രം ആരംഭിച്ചു.

i. 1975 ൽ ഇന്ത്യ ആര്യഭട്ട എന്ന ഉപഗ്രഹം വിജയകരമായി വിക്ഷേപിച്ചു. j. മിസൈൽ സാങ്കേതിക വിദ്യയിൽ പുരോഗതി നേടി.

k. 2008 ൽ ചന്ദ്രയാൻ ദൗത്യത്തിലൂടെ ചന്ദ്ര പരീക്ഷണത്തിന് തുടക്കമിട്ടു.

l. 2013 ൽ മംഗൾയാൻ വിക്ഷേപണത്തിലൂടെ ചൊവ്വ പരീക്ഷണത്തിന് തുടക്കമിട്ടു.

4. വിദ്യാഭ്യാസ പുരോഗതി :

a. സ്വാതന്ത്ര്യാനന്തരം തദ്ദേശീയ വിദ്യാഭ്യാസനയം രൂപപ്പെടുത്താൻ കമ്മീഷനുകളെ നിയമിച്ചു.

b. ഡോ.രാധാകൃഷ്ണൻ കമ്മീഷൻ -1948 -കോളേജ് വിദ്യാഭ്യാസം ,UGC ,തൊഴിലധിഷ്ഠിത വിദ്യാഭ്യാസം.

c. ഡോ.ലക്ഷ്മണസ്വാമി -മുതലിയാർ കമ്മീഷൻ -1952 -സെക്കണ്ടറി വിദ്യാഭ്യാസം,ത്രിഭാഷ പദ്ധതി,അധ്യാപക പരിശീലന സമിതി രൂപീകരണം.

d. ഡോ.ഡി എസ് കോത്താരി കമ്മീഷൻ -1964 -ദേശീയ വിദ്യാഭ്യാസ മതൃക - 10+ 2+3 മാതൃക

e. 1968 ലും 1986 ലും ദേശീയ വിദ്യാഭ്യാസ നയം രൂപീകരിച്ചു.

f. വിദ്യാഭ്യാസ പദ്ധതികൾ - OBB,MLL,DPEP,SSA,RMSA,RUSA

g. വിദ്യാഭ്യാസ പരിശീലന സ്ഥാപനങ്ങൾ - NCERT,SCERT,DIET,BRC h. 2009 ൽ വിദ്യാഭ്യാസ അവകാശ നിയമം പാസ്സാക്കി.

5. 1986 ലെ ദേശീയ വിദ്യാഭ്യാസ നയം - പ്രധാന നിർദ്ദേശങ്ങൾ

a. പ്രാഥമിക വിദ്യാഭ്യാസത്തിനും,ഉടർ വിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകണം

b. പ്രൈമറിതല വിദ്യാഭ്യാസം സാർവത്രികമാക്കാനും ,സ്കൂൾ സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ഓപ്പറേഷൻ ബ്ലാക്ക്ബോർഡ് പദ്ധതി നടപ്പാക്കണം.

c. ഓരോ ജില്ലയിലും നവോദയ വിദ്യാലയങ്ങൾ സ്ഥാപിക്കണം d.പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകണം

6. ഇന്ത്യയുടെ വിദേശനയത്തിന്റെ പ്രധാനതത്വങ്ങൾ : a. സാമ്രാജ്യത്തോടും കോളനിവ്യവസ്ഥയോടുമുള്ള എതിർപ്പ്

b. വംശീയവാദത്തോടുള്ള വിദ്വേഷം c. ഐക്യരാഷ്ട്രസഭയിലുള്ള വിശ്വാസം d. പഞ്ചശീലതത്വങ്ങൾ e. ചേരിചേരായ്മ

f. സമാധാനപരമായ സഹവർത്തിത്വം g. വിദേശസഹായത്തിന്റെ ആവശ്യകതയിലുള്ള ഊന്നൽ

7. ഇന്ത്യൻ വിദേശനയത്തിന്റെ മുഖ്യ ശില്പി - ജവഹർലാൽ നെഹ്റു

8. പഞ്ചശീലതത്വങ്ങൾ - 1954 ൽ ഇന്ത്യ ചൈനയുമായി ഒപ്പിട്ട കരാർ- നെഹ്റുവും ചൗ എൻ ലായിയും ഒപ്പുവെച്ചു.

a.പരസ്പരം ആക്രമിക്കാതിരിക്കുക b.ആഭ്യന്തരകാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക c.സമത്വവും പരസ്പര സഹായവും പുലർത്തുക d.സമാധാനപരമായ സഹവർത്തിത്വം പാലിക്കുക e. രാജ്യത്തിന്റെ അതിർത്തിയും പരമാധികാരവും പരസ്പരം അംഗീകരിക്കുക

## SS I അധ്യായം - 3 പൊതുഭരണം

1. പൊതുഭരണം :

രാജ്യത്ത് നിലവിലുള്ള നിയമങ്ങളും ഗവൺമെന്റിന്റെ നയപരിപാടികളും വികസനപദ്ധതികളും നടപ്പാക്കുന്നതിന് ഭൗതികസാഹചര്യങ്ങളും മനുഷ്യവിഭവവും ഫലപ്രദമായി വിനിയോഗിക്കുന്നതാണ് പൊതുഭരണം.

പൊതുഭരണസംവിധാനത്തിന്റെ പ്രവർത്തനം ജനക്ഷേമത്തിനാണ്.

ജനാധിപത്യഭരണം ഫലപ്രദവും കാര്യക്ഷമവുമായത് പൊതുഭരണത്തിലൂടെയാണ്.

2. പൊതുഭരണത്തിന്റെ പ്രാധാന്യം :

a. ഗവൺമെന്റിന്റെ നയങ്ങൾ രൂപപ്പെടുത്തുന്നു b. ജനക്ഷേമം ഉറപ്പാക്കുന്നു

c. ജനകീയ പ്രശ്നങ്ങൾക്ക പരിഹാരം കാണുന്നു d. സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു

3. ഉദ്യോഗസ്ഥ വൃന്ദം :

രാജ്യത്തിന്റെ ഭരണകാര്യങ്ങൾ നിർവഹിക്കുകയും പൊതുഭരണത്തിനു കീഴിൽ പ്രവർത്തിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥരെ ഉദ്യോഗസ്ഥ വൃന്ദം എന്ന് പറയുന്നു. പൊതുഭരണശൃംഗലയെ ചലനാത്മകമാക്കുന്നത് ഉദ്യോഗസ്ഥരാണ്.

RATHEESH C.V,GHSS PERIKKALLOOR

4. ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകൾ :

a. ശ്രേണിപരമായ സംഘാടനം b.സ്ഥിരത c.യോഗ്യത അടിസ്ഥാനമാക്കി നിയമനം d.രാഷ്ട്രീയ നിഷ്പക്ഷത e.വൈദഗ്ധ്യം.

| | |
|---|---|
| ശ്രേണിപരമായ സംഘാടനം | ഉയർന്ന തലത്തിൽ ഒരു ഉദ്യോഗസ്ഥനും കീഴ് തലങ്ങളിൽ കൂടുതൽ ഉദ്യോഗസ്ഥരും ഉൾക്കൊള്ളുന്നത് |
| സ്ഥിരത | ഉദ്യോഗസ്ഥനായി നിയമിക്കപ്പെടുന്നവർക്ക് നിശ്ചിതകാലം വരെ സേവനകാലാവധി ഉണ്ടാകും |
| യോഗ്യതഅടിസ്ഥാനമാക്കി നിയമനം | വിദ്യാഭ്യാസയോഗ്യത അടിസ്ഥാനമാക്കിയാണ് ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുകയും നിയമിക്കുകയും ചെയ്യുന്നത് |
| രാഷ്ട്രീയ നിഷ്പക്ഷത | കക്ഷിരാഷ്ട്രീയ താൽപ്പര്യങ്ങൾ ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങളിൽ പ്രതിഫലിക്കാൻ പാടില്ല.അവർ നിഷ്പക്ഷമായി പ്രവർത്തിക്കണം |
| വൈദഗ്ധ്യം | ഓരോ ഗവ.ഉദ്യോഗസ്ഥനും തങ്ങൾ നിർവഹിക്കേണ്ട തൊഴിലിൽ വൈദഗ്ധ്യമുള്ളവരായിരിക്കും |

5. ഇന്ത്യൻ സിവിൽ സർവ്വീസ് :

| അഖിലേന്ത്യാസർവ്വീസ് | കേന്ദ്ര സർവ്വീസ് | സംസ്ഥാന സർവ്വീസ് |
|---|---|---|
| a. ദേശീയ തലത്തിൽ തിരഞ്ഞെടുക്കുന്നു<br>b. കേന്ദ്ര സർവീസിലോ സംസ്ഥാന സർവീസിലോ നിയമിക്കപ്പെടുന്നു<br>ഉദാ : IAS ,IPS | a.ദേശീയ തലത്തിൽ തിരഞ്ഞെടുക്കുന്നു<br>b. കേന്ദ്രഗവൺമെന്റിന് മാത്രം അധികാരമുള്ള ഭരണവകുപ്പുകളിൽ നിയമിക്കപ്പെടുന്നു<br>ഉദാ .ഇന്ത്യൻ ഫോറിൻ സർവീസ്, ഇന്ത്യൻ റെയിൽവേ സർവീസ് | a. സംസ്ഥാനതലത്തിൽ തിരഞ്ഞെടുക്കുന്നു<br>b.സംസ്ഥാന ഗവൺമെന്റിനു കീഴിൽ വരുന്ന വകുപ്പുകളിൽ നിയമിക്കപ്പെടുന്നു<br>ഉദാ.സെയിൽസ് ടാക്സ് ഓഫീസർ |

6. അഖിലേന്ത്യാസർവ്വീസ് - കേന്ദ്ര സർവ്വീസുകളിലേക്ക് ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നത് യു പി എസ് സി (UPSC)ആണ്. രാഷ്ട്രപതിയാണ് യു പി എസ് സി ചെയർമാനെയും അംഗങ്ങളെയും നിയമിക്കുന്നത്

7. സംസ്ഥാനതലത്തിൽ ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നത് പി എസ് സി (PSC) ആണ്.
ഗവർണറാണ് പി എസ് സി ചെയർമാനെയും അംഗങ്ങളെയും നിയമിക്കുന്നത്
യു പി എസ് സി , പി എസ് സി എന്നിവ ഭരണഘടനാനിയമത്തെ അടിസ്ഥാനമാക്കി നിലവിൽവന്ന സ്ഥാപനങ്ങളാണ്.
അതിനാൽ ഇവയെ ഭരണഘടനാസ്ഥാപനങ്ങൾ എന്നു വിളിക്കുന്നു.

ഭരണനവീകരണ നടപടികൾ : പൊതുഭരണരംഗത്തെ കാര്യക്ഷമത വർധിപ്പിക്കാനുള്ള നടപടികൾ

8. ഇ ഗവേണൻസ് : ഇലക്ട്രോണിക് സാങ്കേതിക വിദ്യയുടെ ഭരണരംഗത്തെ ഉപയോഗമാണ് ഇ ഗവേണൻസ്.

9. ഇ ഗവേണൻസ് കൊണ്ട് പൊതുജനങ്ങൾക്കുള്ള നേട്ടങ്ങൾ :

a. സേവനത്തിനായി സർക്കാർ ഓഫീസിൽ കാത്തുനിൽക്കേണ്ടതില്ല.

b. വിവരസാങ്കേതികവിദ്യയുടെ സഹായത്താൻ സേവനം നേടാം. c. സർക്കാർ സേവനം കുറഞ്ഞചെലവിലും വേഗത്തിലും ലഭിക്കുന്നു.

d. ഓഫീസുകളുടെ കാര്യക്ഷമതയും സേവനത്തിന്റെ ഗുണമേന്മയും വർധിക്കുന്നു.

## SS II അധ്യായം 1 ഋതുഭേദങ്ങളും സമയവും

1. പരിക്രമണം : ദീർഘവൃത്താകൃതിയിലുള്ള സഞ്ചാര പഥത്തിലൂടെ ഭൂമി സൂര്യനെ വലംവയ്ക്കുന്നതാണ് പരിക്രമണം.

2. അച്ചുതണ്ടിന്റെ സമാന്തരത :
ഭൂമിയുടെ അച്ചുതണ്ടിന് പരിക്രമണതലത്തിൽനിന്ന് അറുപത്തിയാറര ഡിഗ്രിയും(66.5), ലംബതലത്തിൽനിന്ന് ഇരുപത്തിമൂന്നര ഡിഗ്രിയും(23.5) ചരിവുണ്ട്.പരിക്രമണ വേളയിലുടനീളം ഭൂമി ഈ ചരിവ് നിലനിർത്തുന്നു.ഇതാണ് അച്ചുതണ്ടിന്റെ സമാന്തരത എന്ന് പറയുന്നത്.

3. ഋതുഭേദങ്ങൾക്ക കാരണമാകുന്ന ഘടകങ്ങൾ :
a. ഭൂമിയുടെ പരിക്രമണം b. അച്ചുതണ്ടിന്റെ ചരിവ് c. അച്ചുതണ്ടിന്റെ സമാന്തരത d.സൂര്യന്റെ അയനമാറ്റം

4. സൂര്യന്റെ അയനം :
അച്ചുതണ്ടിന്റെ സമാന്തരത മൂലം ഭൂമിക്ക് ആപേക്ഷികമായി സൂര്യന്റെ സ്ഥാനത്തിൽ മാറ്റമുണ്ടാകുന്നു.ഉത്തരായന-ദക്ഷിണായന രേഖയ്ക്ക് ഇടയിലാണ് സൂര്യന് ആപേക്ഷികമായ സ്ഥാന മാറ്റമുണ്ടാകുന്നത്.ഇതാണ് സൂര്യന്റെ അയനം.

5. സമരാത്രദിനങ്ങൾ / അഥവാ വിഷുവങ്ങൾ :
സൂര്യന്റെ ആപേക്ഷികസ്ഥാനം ഭൂമധ്യരേഖയ്ക്ക് നേർമുകളിലാകുന്ന മാർച്ച് 21,സെപ്റ്റംബർ 23 എന്നീ ദിനങ്ങളാണ് സമരാത്രദിനങ്ങൾ.സൂര്യൻ ഭൂമധ്യരേഖയ്ക്ക് നേർമുകളിലായിരിക്കുമ്പോൾ ഉത്തര – ദക്ഷിണ അർധഗോളങ്ങളിൽ തുല്യ അളവിൽ സൂര്യപ്രകാശം ലഭിക്കുന്നതിനാൽ ഈ ദിനങ്ങളിൽ രണ്ട് അർധഗോളങ്ങളിലും പകലുകളുടെ ദൈർഘ്യം തുല്യമായിരിക്കും. മാർച്ച് 21 വസന്തവിഷുവവും, സെപ്തംബർ 23 ശരത് വിഷുവവുമാണ്

RATHEESH CV GHSS PERIKKALLOOR

6. അയനാന്തദിനങ്ങൾ :

സൂര്യന്റെ ആപേക്ഷികസ്ഥാനം ഉത്തരായന രേഖയ്ക്ക് നേർമുകളിൽ വരുന്ന ജൂൺ 21 ഗ്രീഷ്മ അയനാന്തദിനം എന്നും, ദക്ഷിണായന രേഖയ്ക്ക് നേർമുകളിൽ വരുന്ന ഡിസംബർ 22 ശൈത്യഅയനാന്തദിനം എന്നും അറിയപ്പെടുന്നു. ഗ്രീഷ്മ അയനാന്തദിനം ഉത്തരാർധഗോളത്തിൽ ഏറ്റവും ദൈർഘ്യമേറിയ പകലും ദക്ഷിണാർധഗോളത്തിൽ ഏറ്റവും ദൈർഘ്യമുള്ള രാത്രിയും ആയിരിക്കും.ശൈത്യഅയനാന്തദിനം ദക്ഷിണാർധഗോളത്തിൽ ഏറ്റവും ദൈർഘ്യമേറിയ പകലും ഉത്തരാർധഗോളത്തിൽഏറ്റവും ദൈർഘ്യമുള്ള രാത്രിയും ആയിരിക്കും.

7.പട്ടികകൾ

| മാസം | സൂര്യരശ്മിയുടെ സ്ഥാനം | ഋതുക്കൾ | |
|---|---|---|---|
| | | ഉത്തരാർധഗോളം | ദക്ഷിണാർധഗോളം |
| മാർച്ച് 21 - സെപ്തംബർ 23 | ഉത്തരാർധഗോളം | ഉഷ്ണകാലം/വേനൽകാലം | ശൈത്യകാലം |
| സെപ്തംബർ 23 - മാർച്ച് 21 | ദക്ഷിണാർധഗോളം | ശൈത്യകാലം | ഉഷ്ണകാലം/വേനൽകാലം |

| | |
|---|---|
| വസന്തകാലം | ശൈത്യകാലത്തിൽനിന്ന് ഉഷ്ണകാലത്തിലേക്കുള്ള മാറ്റത്തിന്റെ കാലം |
| ഹേമന്തകാലം | വേനൽക്കാല ചൂടിൽനിന്നും ശൈത്യത്തിലേക്കുള്ള മാറ്റത്തിന്റെ കാലം |

8.പട്ടിക: സൂര്യന്റെ അയനം, ഋതുക്കൾ

| മാസങ്ങൾ | സൂര്യന്റെ അയനം | ഋതുക്കൾ | |
|---|---|---|---|
| | | ഉത്തരാർധഗോളം | ദക്ഷിണാർധഗോളം |
| മാർച്ച് 21 - ജൂൺ 21 | ഭൂമധ്യരേഖയിൽനിന്ന് ഉത്തരായനരേഖയിലേക്ക് | വസന്തം | ഹേമന്തം |
| ജൂൺ 21 - സെപ്തംബർ 23 | ഉത്തരായനരേഖയിൽനിന്ന് ഭൂമധ്യരേഖയിലേക്ക് | ഗ്രീഷ്മം | ശൈത്യം |
| സെപ്തംബർ 23 - ഡിസംബർ 22 | ഭൂമധ്യരേഖയിൽനിന്ന് ദക്ഷിണായനരേഖയിലേക്ക് | ഹേമന്തം | വസന്തം |
| ഡിസംബർ 22 - മാർച്ച് 21 | ദക്ഷിണായനരേഖയിൽനിന്ന് ഭൂമധ്യരേഖയിലേക്ക് | ശൈത്യം | ഗ്രീഷ്മം |

9. ഭ്രമണം : ഭൂമി സ്വന്തം അച്ചുതണ്ടിനെ ആധാരമാക്കി കറങ്ങുന്നതാണ് ഭ്രമണം.ഇത് പടിഞ്ഞാറുനിന്ന് കിഴക്കോട്ടാണ്. അതിനാൽ ആദ്യം സൂര്യോദയം അനുഭവപ്പെടുക ഒരു പ്രദേശത്തിന്റെ കിഴക്കുദിക്കിലാകും. ഒരു ഭ്രമണം പൂർത്തിയാക്കാൻ 24 മണിക്കൂർ വേണം.ഭ്രമണഫലമായാണ് രാത്രിയും പകലും ഉണ്ടാകുന്നത്.

10. പ്രൈം മെറീഡിയൻ : ഗ്രീനിച്ച് രേഖയെ അടിസ്ഥാനമാക്കിയാണ് ലോകത്ത് എവിടെയുമുള്ള സമയം നിർണ്ണയിക്കപ്പെടുന്നത് എന്നതിനാൽ ഈ രേഖ പ്രൈം മെറീഡിയൻ എന്ന് വിളിക്കപ്പെടുന്നു.

11. ഗ്രീനിച്ച് സമയം : ഗ്രീനിച്ച് രേഖയിലെ പ്രാദേശിക സമയമാണ് ഗ്രീനിച്ച് സമയം

12.സമയമേഖലകൾ : ഗ്രീനിച്ച് രേഖയെ അടിസ്ഥാനമാക്കി ഒരു മണിക്കൂർവീതം സമയവ്യത്യാസമുള്ള 24 മേഖലകളായി ലോകത്തെ തിരിച്ചിരിക്കുന്നു.ഇവയാണ് സമയമേഖലകൾ.ഓരോ സമയമേഖലയും 15 ഡിഗ്രി രേഖാംശവ്യാപ്തിയിലാണ് സ്ഥിതിചെയ്യുന്നത്.15 ഡിഗ്രി തിരിയാൻ ഭൂമിക്ക് 1 മണിക്കൂറും 1 ഡിഗ്രി തിരിയാൻ 4 മിനിറ്റും വേണം.

13.മാനകരേഖാംശവും മാനകസമയവും : ലോകത്തിലെ ഓരോ രാജ്യവും ആ രാജ്യത്തിന്റെ മധ്യത്തിലൂടെ കടന്നുപോകുന്ന രേഖാംശരേഖയെ മാനകരേഖാംശമായി കണക്കാക്കുന്നു.മാനകരേഖാംശത്തിലെ പ്രാദേശിക സമയമാണ് ആ രാജ്യത്തിന്റെ മാനകസമയം.

14. ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം : ഇന്ത്യയുടെ ഏകദേശം മധ്യത്തിലൂടെ കടന്നുപോകുന്ന എൺപത്തിരണ്ടര ഡിഗ്രി(82.5) പൂർവരേഖാംശമാണ് ഇന്ത്യയുടെ മാനകരേഖാംശം.ഇവിടുത്തെ പ്രാദേശിക സമയമാണ് ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം. ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം ഗ്രീനിച്ച് സമയത്തിൽനിന്ന് അഞ്ചര മണിക്കൂർ (5.30)മുന്നിലാണ്(കൂടുതലാണ്).

RATHEESH C V,GHSS PERIKKALLOOR

15. അന്താരാഷ്ട്ര ദിനാങ്കരേഖ : 180 ഡിഗ്രി രേഖാംശരേഖയാണ് അന്താരാഷ്ട്ര ദിനാങ്കരേഖ. ഇതൊരു നേർരേഖയല്ല.

ഈ രേഖയുടെ കിഴക്കോട്ട് ഒരു ദിവസം കുറവും പടിഞ്ഞാറോട്ട് ഒരു ദിവസം കൂടുതലും ആയിരിക്കും.

അന്താരാഷ്ട്ര ദിനാങ്കരേഖയുടെ കിഴക്കും പടിഞ്ഞാറും തമ്മിൽ 24 മണിക്കൂർ വ്യത്യാസമുണ്ടാകും.

16.സമയനിർണ്ണയം : പടിഞ്ഞാറ് ഗ്രീനിച്ച് രേഖ കിഴക്ക്

| 105 | 90 | 75 | 60 | 45 | 30 | 15 | 0 | 15 | 30 | 45 | 60 | 75 | 90 | 105 | 120 | 130 | 145 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 AM | 2 AM | 3 AM | 4 AM | 5 AM | 6 AM | 7 AM | തിങ്കൾ 8AM | 9 AM | 10 AM | 11 AM | 12 N | 1 PM | 2 PM | 3PM | 4 PM | 5 PM | 6 PM |

IST 82.5
1.30PM

പടിഞ്ഞാറ് ഗ്രീനിച്ച് രേഖ കിഴക്ക്

| 105 | 90 | 75 | 60 | 45 | 30 | 15 | 0 | 15 | 30 | 45 | 60 | 75 | 90 | 105 | 120 | 130 | 145 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 3PM | 4PM | 5 PM | 6 PM | 7 PM | 8 PM | 9 PM | തിങ്കൾ 10PM | 11 PM | 12 MN | ചൊവ്വ 1 AM | 2 AM | 3 AM | 4 AM | 5 AM | 6 AM | 7 AM | 8 AM |

IST 82.5
3.30 AM

## SS II അധ്യായം 3. മാനവവിഭവശേഷി വികസനം ഇന്ത്യയിൽ

1. മാനവവിഭവം - ഉൽപ്പാദനരംഗത്ത് ഉപയോഗപ്പെടുത്താൻ കഴിയുന്ന അധ്വാനശേഷിയുള്ള ജനങ്ങളാണ് മാനവവിഭവം.
2. മാനവവിഭവശേഷി വികസനം : വിദ്യാഭ്യാസം,ആരോഗ്യപരിപാലനം ,പരിശീലനം എന്നിവയിലൂടെ മനുഷ്യന്റെ കായികവും മാനസികവുമായ കഴിവുകൾ വികസിപ്പിക്കുന്നതാണ് മാനവവിഭവശേഷി വികസനം .
3. മാനവവിഭവശേഷി വികസനത്തിന്റെ വിവിധ തലങ്ങൾ :
   a. വ്യക്തികൾ സ്വപരിശ്രമത്തിലൂടെ സ്വന്തം കഴിവ് വികസിപ്പിക്കുന്നു
   b. കുടുംബം വ്യക്തിയുടെ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ സാഹചര്യം ഒരുക്കുന്നു
   c. വിവിധ സ്ഥാപനങ്ങളും ഏജൻസികളും പഠനം പരിശീലനം എന്നിവയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നു
   d. രാഷ്ട്രം ജനങ്ങളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നു
4. മാനവവിഭവത്തിന്റെ ഗുണപരമായ സവിശേഷതകൾ :
   വിദ്യാഭ്യാസം - സാക്ഷരതാ നിരക്ക് - ആരോഗ്യപരിപാലനം - ആയുർദൈർഘ്യം
5. അധ്വാനശേഷിയെ മെച്ചപ്പെടുത്തുന്ന ഗുണപരമായ ഘടകങ്ങൾ ?
   വിദ്യാഭ്യാസം - ആരോഗ്യപരിപാലനം - പരിശീലനങ്ങൾ - സാമൂഹിക മൂലധനം
6. മെച്ചപ്പെട്ട മാനവവിഭവത്തിന്റെ പ്രയോജനങ്ങൾ :
   a. സാമ്പത്തിക അന്തരം കുറയ്ക്കാം b. പ്രകൃതി വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കാം
   c. സാമൂഹികക്ഷേമം ഉറപ്പുവരുത്താം d. തൊഴിലാളികളുടെ ഉല്പാദനക്ഷമത കൂട്ടാം e. സംരംഭകത്വം മെച്ചപ്പെടുത്താം
7. വിദ്യാഭ്യാസം സാമ്പത്തിക വികസനത്തിലേക്ക് നയിക്കുന്ന വിധം / വിദ്യാഭ്യാസം രാജ്യവികസനത്തെ സഹായിക്കുന്ന വിധം :
   വിദ്യാഭ്യാസം - വ്യക്തികളുടെ കഴിവ് മെച്ചപ്പെടുത്തുന്നു - സാങ്കേതിക അറിവ് ലഭിക്കുന്നു - മെച്ചപ്പെട്ട തൊഴിലും വരുമാനവും നേടാനാവുന്നു - ജീവിത നിലവാരം ഉയരുന്നു .
8. സാക്ഷരതാ നിരക്ക് :
   ജനസംഖ്യയിൽ 100 പേരിൽ എത്ര പേർക്ക് ആശയം മനസ്സിലാക്കി എഴുതാനും വായിക്കാനും അറിയുന്നു എന്നതാണ് സാക്ഷരതാ നിരക്ക്.
9. വിദ്യാഭ്യാസവും തൊഴിൽ നൈപുണിയും മെച്ചപ്പെടുത്താൻ രാജ്യത്ത് നടപ്പാക്കുന്ന പദ്ധതികൾ :

| പദ്ധതികൾ | ലക്ഷ്യങ്ങൾ |
|---|---|
| സംയോജിത ശിശുവികസന സേവന പരിപാടി (ICDS) | a. 6 വയസ്സുവരെയുള്ള ശിശുക്കളുടെ സമഗ്രവികസനം<br>b. ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യപരിപാലനം |
| സർവശിക്ഷാ അഭിയാൻ (SSA) | a. സാർവത്രിക പ്രാഥമികവിദ്യാഭ്യാസം എല്ലാവർക്കും ഉറപ്പുവരുത്തുക<br>b. വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക |
| രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (RMSA) | a. സെക്കന്ററി വിദ്യാഭ്യാസ ലഭ്യത ഉറപ്പുവരുത്തുക<br>b. വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക |

RATHEESH C V,GHSS PERIKKALLOOR

| | |
|---|---|
| രാഷ്ട്രീയ ഉച്ചതൽ ശിക്ഷാ അഭിയാൻ (RUSA) | a. ഉന്നതവിദ്യാഭ്യാസ ലഭ്യത വർധിപ്പിക്കുക<br>b. ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുക |
| നാഷ്ണൽ സ്കിൽ ഡവലപ്മെന്റ് ആന്റ് മോണിറ്ററി റിവാർഡ് സ്കീം | a. യുവജനങ്ങളുടെ തൊഴിൽ നൈപുണി മെച്ചപ്പെടുത്തുക<br>b. തൊഴിൽ വൈദഗ്ധ്യം നേടിയവരുടെ ലഭ്യത ഉറപ്പുവരുത്തുക |
| വിദ്യാഭ്യാസ അവകാശ നിയമം -2009 | a. എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുക |

10. വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ :
   a. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാത്ത ഒരു വിഭാഗം വിദ്യാലയങ്ങളിൽനിന്ന് കൊഴിഞ്ഞുപോകുന്നുണ്ട്
   b. വിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത കുറവുണ്ട്
   c. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടേണ്ടതുണ്ട്
11. ആരോഗ്യം :
   ശാരീരികമായും മാനസികമായും സാമൂഹികവുമായും ആയ സുസ്ഥിതിയാണ് ആരോഗ്യം എന്ന് ലോകാരോഗ്യസംഘടന (WHO) നിർവചിക്കുന്നു.
12. ആരോഗ്യമുള്ളവ്യക്തികൾ എങ്ങനെ രാജ്യപുരോഗതിയിൽ പങ്കാളികളാകുന്നു :
   a. പ്രകൃതിവിഭവങ്ങൾ ശരിയായി വിനിയോഗിക്കാനാവും
   b. തൊഴിൽദിനങ്ങളുടെ എണ്ണം വർധിക്കുന്നതുകൊണ്ടും കാര്യക്ഷമത കൂടുന്നതുകൊണ്ടും ഉല്പാദനം കൂടും
   c. ഉല്പാദനവർധനവിലൂടെ സാമ്പത്തിക വികസനം സാധ്യമാകും
   d. ചികിത്സാച്ചെലവുകൾ കുറയ്ക്കാനും അതുവഴി സർക്കാരിന്റെ സാമ്പത്തിക ചെലവ് കുറയ്ക്കാനും കഴിയും
13. ആരോഗ്യപരിപാലനത്തിനായി ഒരുക്കേണ്ട സൗകര്യങ്ങൾ :
   a. പോഷകാഹാരലഭ്യത b. ശുദ്ധജലലഭ്യത c. ശുചിത്വപരിപാലനം
   d. ചികിത്സാസൗകര്യങ്ങൾ e. രോഗപ്രതിരോധ സംവിധാനങ്ങൾ
14. ചികിത്സാരംഗത്ത് വിവിധ തലങ്ങളിലായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ :
   a. മെഡിക്കൽ കോളേജുകൾ b. ജില്ലാ ആശുപത്രികൾ c. സാമൂഹിക ആരോഗ്യകേന്ദ്രങ്ങൾ
   d. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ e. ആരോഗ്യ ഉപകേന്ദ്രങ്ങൾ
15. ആയുർദൈർഘ്യം - ശരാശരി എത്ര വയസുവരെ ജീവിച്ചിരിക്കുന്നു എന്നതാണ് ആയുർദൈർഘ്യം.
16. ഇന്ത്യയിൽ ആരോഗ്യസേവനം ലഭ്യമാക്കുന്ന രണ്ട് ഏജൻസികൾ :

| | |
|---|---|
| ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ (NRHM) | ഗ്രാമീണമേഖലയിൽ ആരോഗ്യസേവനം ലഭ്യമാക്കുന്നു |
| ദേശീയ നഗരാരോഗ്യമിഷൻ (NUHM) | 50000 ൽ അധികം ജനസംഖ്യയുള്ള പട്ടണങ്ങളിലെ ചേരിനിവാസികൾക്കും മറ്റു പാർശ്വവൽക്കരിക്കപ്പെട്ടവർക്കും ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുന്നു. |

## SS II അധ്യായം - 7 വൈവിധ്യങ്ങളുടെ ഇന്ത്യ

1. ഇന്ത്യയിലെ ഭൂപ്രകൃതി വിഭാഗങ്ങൾ : a. ഉത്തരപർവ്വതമേഖല, b. ഉത്തരമഹാസമതലം, c. ഉപദ്വീപീയ പീഠഭൂമി
   d.തീരസമതലങ്ങൾ e. ദ്വീപുകൾ
2. ഉത്തരപർവ്വതമേഖല

| ഉപവിഭാഗങ്ങൾ | സവിശേഷതകൾ |
|---|---|
| a. ട്രാൻസ് ഹിമാലയം-കാരക്കോറം,ലഡാക്ക്,സസ്കർ | ഇന്ത്യയിലെ ഉയരമുള്ള കൊടുമുടിയായ മൗണ്ട് K2 അഥവാ ഗോഡ് വിൻ ഓസ്റ്റിൻ ഇവിടെയാണ്.ശരാശരി ഉയരം 6000 മീറ്ററാണ് |
| b. ഹിമാലയം - ഹിമാദ്രി,ഹിമാചൽ,സിവാലിക് | ഈ പർവ്വതനിരകൾക്ക് ഏകദേശം 2400 K.M നീളമുണ്ട്.ലോകത്തിലെ ഉയരമേറിയ കൊടുമുടികൾ കാണപ്പെടുന്നു.ഏകദേശം 5 ലക്ഷം ച.കി.മീ. വിസ്തൃതിയുള്ള പ്രദേശം |
| c. കിഴക്കൻ മലനിരകൾ - പത്കായിബും, നാഗാകുന്നുകൾ,ഗാരോ,ഖാസി,ജയന്തിയ കുന്നുകൾ, മിസോ കുന്നുകൾ | സമുദ്രനിരപ്പിൽനിന്ന് 500-3000 മീ.ഉയരം.പൂർവാചൽ എന്നും അറിയപ്പെടുന്നു. ഇവിടം നിബിഡമായ ഉഷ്ണമേഖലാ മഴക്കാടുകളാണ് ലോകത്ത് ഏറ്റവും മഴ ലഭിക്കുന്ന ചിറാപുഞ്ചി ഇവിടെയാണ്. |

RATHEESH C V GHSS PERIKKALLOOR

| മണ്ണിനങ്ങൾ / തൊഴിലുകൾ | ഉത്തരപർവ്വതമേഖലയുടെ പ്രാധാന്യം |
|---|---|
| പർവതമണ്ണ് -ഫലപുഷ്ടി കൂടിയത്, ഇരുണ്ട തവിട്ടുനിറമോ കറുത്തനിറമോ ആണ്.<br>തൊഴിലുകൾ-മൃഗപരിപാലനം -ചെമ്മരിയാട് വളർത്തൽ ,<br>കൃഷി -ഉരുളക്കിഴങ്ങ്,ബാർലി, കുങ്കുമപ്പൂവ്,ആപ്പിൾ, ഓറഞ്ച്,തേയില | a. പുരാതനകാലം മുതൽ ഇന്ത്യയെ വടക്കുപടിഞ്ഞാറൻ ആക്രമണങ്ങളിൽനിന്ന് സംരക്ഷിക്കുന്നു<br>b. മൺസൂൺ കാറ്റുകളെ തടഞ്ഞുനിർത്തി ഉത്തരേന്ത്യയിലുടനീളം മഴ പെയ്യിക്കുന്നു<br>c. ശൈത്യകാലത്തു വീശുന്ന വരണ്ട ശീതകാറ്റിനെ ഇന്ത്യയിലേക്കു കടക്കാതെ ചെറുക്കുന്നു<br>d. നദികളുടെ ഉത്ഭവപ്രദേശം<br>e. വൈവിധ്യമാർന്ന സസ്യജന്തുജാലങ്ങൾ ഉടലെടുക്കുന്നതിന് കാരണമായി |

3. ഉപദ്വീപീയ പീഠഭൂമി

| ഉപവിഭാഗങ്ങൾ | സവിശേഷതകൾ |
|---|---|
| ആരവല്ലി പർവതനിര,മാൾവാ പീഠഭൂമി, വിന്ധ്യാനിരകൾ,സത്പുര നിരകൾ, കച്ച്,കത്തിയവാർ ഉപദ്വീപ്,ഡക്കാൻ പീഠഭൂമി പശ്ചിമഘട്ടം,പൂർവഘട്ടം,ഛോട്ടാനാഗ്പൂർ പീഠഭൂമി | a .ഇന്ത്യയിലെ ഏറ്റവും വിസ്തൃതമായ ഭൂവിഭാഗം<br>b. ഇന്ത്യയിലെ ഏറ്റവും പഴക്കം ചെന്ന ഭൂവിഭാഗം<br>c. ഉറപ്പേറിയ ശിലകളാൽ നിർമ്മിതമായത്.15 ലക്ഷം ച.കി.മീ.വിസ്തൃതിയുണ്ട്<br>d. ഇവിടുത്തെ ഏറ്റവും ഉയരമേറിയ കൊടുമുടിയാണ് ആനമുടി (2695 മീ.)-കേരളം |

| മണ്ണിനങ്ങൾ / തൊഴിലുകൾ | ഉപദ്വീപീയ പീഠഭൂമിയുടെ പ്രാധാന്യം |
|---|---|
| കറുത്തമണ്ണ് -പരുത്തികൃഷിക്ക് അനുയോജ്യം.ബസാൾട്ട് എന്ന ആഗ്നേയശിലയിൽ നിന്ന് ഉണ്ടായത്.കറുത്തപരുത്തിമണ്ണ് എന്നും അറിയപ്പെടുന്നു | ഇന്ത്യയിലെ ഏറ്റവും വലിയഭൂവിഭാഗം പർവ്വതങ്ങൾ,പീഠഭൂമികൾ,താഴ്വരകൾ എന്നിങ്ങനെ വൈവിധ്യമാർന്ന ഭൂപ്രകൃതി.ധാരാളം ധാതു നിക്ഷേപം കാണപ്പെടുന്നതിനാൽ ധാതുക്കളുടെ കലവറ എന്ന് വിളിക്കുന്നു.അനേകം നദികളുടെ ഉത്ഭവപ്രദേശമാണ്. |
| ചെമ്മണ്ണ് - താരതമ്യേന ഫലപുഷ്ടി കുറവ്.ഇരുമ്പിന്റെ അംശം ഇതിന് ചുവപ്പുനിറം നൽകുന്നു. | |
| ലാറ്ററൈറ്റ് മണ്ണ് - മൺസൂൺ മഴയും ഇടവിട്ടുള്ള വേനൽക്കാലവും മാറിമാറി അനുഭവപ്പെടുന്ന പ്രദേശത്ത് കാണുന്നു | |
| കൃഷി,ഖനനം,ധാതുഅധിഷ്ഠിത വ്യവസായങ്ങൾ എന്നിവയാണ് പ്രധാന തൊഴിലുകൾ.പരുത്തി, പയർ,കരിമ്പ്...തുടങ്ങിയവയാണ് പ്രധാന വിളകൾ.ഇരുമ്പയിര്,കൽക്കരി,മാംഗനീസ് ....പ്രധാന ധാതുക്കൾ | |

4. തീരസമതലങ്ങൾ

| ഉപവിഭാഗങ്ങൾ | സവിശേഷതകൾ | മണ്ണിനങ്ങൾ / തൊഴിലുകൾ |
|---|---|---|
| a. പടിഞ്ഞാറൻ തീരസമതലം<br>b. കിഴക്കൻ തീരസമതലം | ഗുജറാത്തിലെ റാൻ ഓഫ് കച്ച് മുതൽ ഗംഗാ-ബ്രഹ്മപുത്ര ഡൽറ്റാപ്രദേശം വരെ നീണ്ടു കിടക്കുന്നു. ഏകദേശം 6100 കി.മീ.നീളം | എക്കൽമണ്ണ്,കൃഷി പ്രധാനതൊഴിൽ,മത്സ്യബന്ധനം, ഉപ്പ് നിർമ്മാണം,വിനോദസഞ്ചാരം ഉണ്ട്.<br>കൃഷി നെല്ല് ,തെങ്ങ് തുടങ്ങിയവ |

5. ഹിമാലയ പർവതനിരകൾ - ഹിമാദ്രി, ഹിമാചൽ, സിവാലിക്

| ഹിമാദ്രി | ഹിമാചൽ | സിവാലിക് |
|---|---|---|
| ഏറ്റവും ഉയരം കൂടിയ നിര.<br>ശരാശരി ഉയരം 6000 മീ.<br>ഗംഗ,യമുന,എന്നീ നദികളുടെ ഉത്ഭവസ്ഥാനം,<br>8000 മീ.മുകളിൽ ഉയരമുള്ള നിരവധി കൊടുമുടികൾ സ്ഥിതി ചെയ്യുന്നു.(കാഞ്ചൻ ജംഗ,നന്ദാദേവി) | ഹിമാദ്രിയുടെ തെക്കുഭാഗത്തായി സ്ഥിതിചെയ്യുന്നു.<br>ശരാശരി ഉയരം 3000 മീ.<br>ഷിംല,ഡാർജിലിങ് തുടങ്ങിയ സുഖവാസകേന്ദ്രങ്ങൾ തെക്കേ ചെരിവിൽ സ്ഥിതി ചെയ്യുന്നു. | ഹിമാചലിനു തെക്കുഭാഗത്തായി സ്ഥിതിചെയ്യുന്നു. ശരാശരി ഉയരം 1220 മീ.ഹിമാലയൻ നദികൾ ഈ പർവ്വതനിരയെ മുറിച്ചുകൊണ്ട് ഒഴുകുന്നതിനാൽ പലയിടങ്ങളിലും തുടർച്ച നഷ്ടപ്പെടുന്നു.നീളമേറിയതും വിസ്തൃതവുമായ താഴ്വരകൾ കാണപ്പെടുന്നു.ഇവയെ ഡൂണുകൾ എന്നു വിളിക്കുന്നു.(ഡെറാഡൂൺ) |

RATHEESH C V,GHSS PERIKKALLOOR

6. ഹിമാലയൻ നദികൾ :

| ഹിമാലയൻ നദികൾ | ഉത്ഭവസ്ഥാനം | നീളം | പോഷകനദികൾ | ഒഴുകുന്ന സംസ്ഥാനങ്ങൾ | എത്തിച്ചേരുന്ന സമുദ്രം |
|---|---|---|---|---|---|
| സിന്ധു | ടിബറ്റിലെ മാനസസരോവർ തടാകം | ഏകദേശം 2280 കി. മീ(ഇന്ത്യയിലൂടെ 709 കി.മീ.) | ചല,ചിനാബ്, രവി,ബിയാസ്, സത് ലജ് | കാശ്മീർ,ഹിമാചൽ,പഞ്ചാബ് | അറബിക്കടൽ |
| ഗംഗ | ഗംഗോത്രി ഹിമാനി യിലെ ഗോമുഖ് ഗുഹ | ഏകദേശം 2500 കി.മീ. | യമുന,സോൺ, കോസി,ഗാണ്ഡക് | ഉത്തരാഞ്ചൽ,ഉത്തർപ്രദേശ്, ബീഹാർ,പ.ബംഗാൾ | ബംഗാൾ ഉൾക്കടൽ |
| ബ്രഹ്മപുത്ര | ടിബറ്റിലെ ചെമ-യുങ്-ഡുങ് ഹിമാനി | ഏകദേശം 2900 കി.മീ. (ഇന്ത്യയിലെ നീളം 725 കി.മീ.) | തിസ്ത,മാനസ്, ലൂഹിത്, സുവാൻസിരി | അരുണാചൽപ്രദേശ് ,ആസ്സാം,സിക്കിം, പ.ബംഗാൾ | ബംഗാൾ ഉൾക്കടൽ |

7. ഉപദ്വീപീയ നദികൾ

| നദി | ഉത്ഭവസ്ഥാനം | നീളം | പോഷകനദികൾ | സംസ്ഥാനങ്ങൾ | എത്തിച്ചേരുന്ന കടൽ |
|---|---|---|---|---|---|
| മഹാനദി | മൈക്കലാനിരകൾ(മധ്യപ്രദേശ്) | 857 കി.മീ. | ഇബ്,ടെൽ | ഒറീസ,മധ്യപ്രദേശ് ,ഛത്തീസ്ഗഢ് | ബംഗാൾ ഉൾക്കടൽ |
| ഗോദാവരി | പശ്ചിമഘട്ടം(മഹാരാഷ്ട്രയിലെ നാസിക് ജില്ല) | 1465 കി.മീ. | ഇന്ദ്രാവതി,ശബരി | ആന്ധ്രാപ്രദേശ് ,ഒറീസ,മഹാരാഷ്ട്ര | ബംഗാൾ ഉൾക്കടൽ |
| കൃഷ്ണ | പശ്ചിമഘട്ടം(മഹാരാഷ്ട്രയിലെ മഹാബലേശ്വർ കുന്നുകൾ) | 1400 കി.മീ. | ഭീമ,തുംഗഭദ്ര | ആന്ധ്രാപ്രദേശ് ,കർണ്ണാടകം,മഹാരാഷ്ട്ര | ബംഗാൾ ഉൾക്കടൽ |
| കാവേരി | പശ്ചിമഘട്ടത്തിലെ ബ്രഹ്മഗിരിനിരകൾ(കർണ്ണാടകം) | 800 കി.മീ. | കബനി ,അമരാവതി | തമിഴ്നാട്,കർണ്ണാടകം | ബംഗാൾ ഉൾക്കടൽ |
| നർമദ | മൈക്കലാനിരകൾ (ഛത്തീസ്ഗഢ്) | 1312 കി.മീ. | ഹിരൺ,ബൻജൻ | ഗുജറാത്ത്,മഹാരാഷ്ട്ര, മധ്യപ്രദേശ് | അറബിക്കടൽ |
| താപ്തി | മുൻതായ് പീഠഭൂമി(മധ്യപ്രദേശിലെ ബൈതുൽ ജില്ല) | 724 കി.മീ. | ആനർ,ഗിർന | ഗുജറാത്ത്,മഹാരാഷ്ട്ര, മധ്യപ്രദേശ് | അറബിക്കടൽ |

8. ഹിമാലയൻ നദികളുടെയും ഉപദ്വീപീയ നദികളുടെയും പ്രത്യേകതകൾ

| ഹിമാലയൻ നദികൾ | ഉപദ്വീപീയ നദികൾ |
|---|---|
| ഹിമാലയപർവതനിരകളിൽ നിന്ന് ഉത്ഭവിക്കുന്നു | ഉപദ്വീപീയ പീഠഭൂമിയിലെ മലനിരകളിൽ നിന്ന് ഉത്ഭവിക്കുന്നു |
| അതിവിസ്തൃതമായ വൃഷ്ടിപ്രദേശം | താരതമ്യേന വിസ്തൃതി കുറഞ്ഞ വൃഷ്ടിപ്രദേശം |
| അതിശക്തമായ അപരദന തീവ്രത | അപരദന തീവ്രത താരതമ്യേന കുറവ് |
| ഉയർന്ന ജലസേചനശേഷി | കുറഞ്ഞ ജലസേചനശേഷി |
| സമതലപ്രദേശങ്ങളിൽ ഉൾനാടൻ ജലഗതാഗതത്തിന് സാധ്യത കൂടുതൽ | ഉൾനാടൻ ജലഗതാഗതത്തിന് സാധ്യത താരതമ്യേന കുറവ് |

9. തീരസമതലങ്ങളുടെ സവിശേഷതകൾ :

| പടിഞ്ഞാറൻ തീരസമതലം | കിഴക്കൻ തീരസമതലം |
|---|---|
| a. അറബിക്കടലിനും പശ്ചിമഘട്ടത്തിനുമിടയിൽ ,റാൻ ഓഫ് കച്ച് മുതൽ കന്യാകുമാരി വരെ<br>b. താരതമ്യേന വീതി കുറവ്<br>c. ഗുജറാത്ത് തീരസമതലം,കൊങ്കൺ തീരസമതലം, മലബാർ തീരസമതലം എന്നിങ്ങനെ തിരിക്കാം<br>d. കായലുകളും അഴിമുഖങ്ങളും കാണപ്പെടുന്നു | a. ബംഗാൾ ഉൾക്കടലിനും പൂർവഘട്ടത്തിനുമിടയിൽ , സുന്ദരവനപ്രദേശം മുതൽ കന്യാകുമാരി വരെ<br>b. താരതമ്യേന വീതി കൂടുതൽ<br>c. കോറമണ്ഡൽ തീരസമതലം,വടക്കൻ സിർക്കാർസ് തീരസമതലം എന്നിങ്ങനെ തിരിക്കാം<br>d. ഡെൽറ്റാ രൂപീകരണം നടക്കുന്നു. |

RATHEESH C V, GHSS PERIKKALLOOR